WEBSITE : www.keralapsc.gov.in
E-MAIL: domlp.psc@kerala.gov.in Telephone : 0483- 2734308

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ഓഫീസ്, മലപ്പുറം

**ചുരുക്കപ്പട്ടിക നമ്പർ : 23/2022/DOM** മലപ്പുറം
**Category No : 093/2022** 21.11.2022

## വിജ്ഞാപനം

16.04.2022 തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം **മലപ്പുറം ജില്ലയിലെ വനം വന്യജീവി വകുപ്പിൽ 20000-45800/- (PR) രൂപ ശമ്പള നിരക്കിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ Part II** (ഉപജീവനത്തിനായി വനത്തെ ആശ്രയിച്ചു കഴിയുന്ന ആദിവാസി സമൂഹത്തിലെ യോഗ്യതയുള്ളവരും വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ കുറഞ്ഞത് 500 (അഞ്ഞൂറ്) ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ള ദിവസവേതനക്കാരുമായ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്ന 40% ഒഴിവിലേക്കുള്ള നിയമനം) (കാറ്റഗറി നമ്പർ : 093/2022) തസ്തികയുടെ തെരെഞ്ഞെടുപ്പിലേക്കായി സാധുവായ അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികളിൽ, **03/09/2022 തീയതിയിൽ നടന്ന ഒ. എം. ആർ പരീക്ഷയുടെ അടിസ്ഥാനത്തിൽ ശാരീരിക അളവെടുപ്പ്, കായിക ക്ഷമതാ പരീക്ഷ** എന്നിവയ്ക്ക് വിളിക്കപ്പെടാൻ അർഹത നേടിയവരുടെ രജിസ്റ്റർ നമ്പർ ഉൾപ്പെടുത്തിയ ചുരുക്കപ്പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളുടെ സംഖ്യാക്രമത്തിലാണ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പട്ടികയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

## പുരുഷന്മാർ

### ലിസ്റ്റ് - I : SSLC വിജയിച്ചവർ

| | | | | | |
|---|---|---|---|---|---|
| 110646 | 110760 | 110959 | 111037 | 111048 | 111117 |

### ലിസ്റ്റ് - II : SSLC കോഴ്സ് പൂർത്തിയാക്കിയവർ

| | | | | | |
|---|---|---|---|---|---|
| 110653 | | | | | |

## സ്ത്രീകൾ

| | | | | |
|---|---|---|---|---|
| | | ഇല്ല | | |

കുറിപ്പ് :-

1. അപേക്ഷകളുടെ സൂക്ഷ്മ പരിശോധനക്കും നിരുപാധിക സ്വീകാര്യതക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങൾ അടിസ്ഥാനമാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടുവെന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നില്ല.

**2. ഗസറ്റ് വിജ്ഞാപനപ്രകാരമുള്ള യോഗ്യതകൾ അവകാശപ്പെടുകയും ആവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്യുകയും ചെയ്ത, 03/09/2022 തീയതിയിലെ ഒ. എം. ആർ പരീക്ഷ എഴുതിയ അർഹരായ മുഴുവൻ ഉദ്യോഗാർത്ഥികളെയും ചുരുക്കപ്പട്ടികയിൽ സോപാധികമായി ഉൾപ്പെടുത്തിയിട്ടുണ്ട്.**

3. ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട എല്ലാ ഉദ്യോഗാർത്ഥികളും ശാരീരിക അളവെടുപ്പിനും കായികക്ഷമതാ പരീക്ഷക്കും പങ്കെടുക്കേണ്ടതാണ്. ശാരീരിക അളവെടുപ്പ്, കായികക്ഷമതാ പരീക്ഷ എന്നിവയിൽ പങ്കെടുത്ത് വിജയിക്കുന്നവരെ മാത്രമേ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ അടുത്ത ഘട്ടമായ ഒറ്റത്തവണ പ്രമാണ പരിശോധനക്കും ഇന്റർവ്യൂവിനും പരിഗണിക്കുകയുള്ളൂ. ഇന്റർവ്യൂവിൽ പങ്കെടുത്ത് യോഗ്യത നേടുന്നവരെ മാത്രം ഉൾപ്പെടുത്തിയാണ് റാങ്ക് പട്ടിക തയ്യാറാക്കുന്നത്.

4. **കായികക്ഷമതാ പരീക്ഷക്ക് ഹാജരാകുന്നതിനുള്ള സ്ഥലം, തീയതി, സമയം എന്നിവ സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് വ്യക്തിഗത അറിയിപ്പ് SMS/പ്രൊഫൈൽ മെസേജ് നൽകുന്നതാണ്. ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള പേര്, വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി, വനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ആളാണെന്നതും വനം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ കുറഞ്ഞത് 500 (അഞ്ഞൂറ്) ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ളതും സംബന്ധിച്ച റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഫോറം - 1 സാക്ഷ്യപത്രം, മെഡിക്കൽ സർട്ടിഫിക്കറ്റ്, അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള എൻ. സി. സി / സ്പോർട്സ് മുതലായവയുടെ സർട്ടിഫിക്കറ്റുകൾ എന്നിവ കായികക്ഷമതാ പരീക്ഷാ സമയത്ത് ഹാജരാക്കേണ്ടതാണ്.**

5. നിലവിലുള്ള നടപടിക്രമപ്രകാരം ഉത്തരക്കടലാസ് പുനർമൂല്യ നിർണയം അനുവദിക്കുന്നതല്ല. എന്നാൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച ശേഷം നിശ്ചിത ഫീസടച്ച് ഉത്തരക്കടലാസിന്റെ പുന: പരിശോധനയ്ക്കും ഒ. എം. ആർ ഉത്തരക്കടലാസിന്റെ പകർപ്പിനും അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദമായ നിർദേശങ്ങൾ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം നൽകുന്നതാണ്

6. ഒ. എം. ആർ പരീക്ഷ എഴുതിയ ആരുടേയും ഉത്തരക്കടലാസ് അസാധുവാക്കിയിട്ടില്ല. ഉത്തരക്കടലാസ് അസാധുവാക്കപ്പെട്ടതു സംബന്ധിച്ച 27/10/2022 തീയതിയിലെ ഇ. ആർ. VII (1) 3690/2022/ ഇ. ഡബ്ല്യു. നമ്പർ വിജ്ഞാപനം ഇതോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കമ്മീഷന്റെ ഉത്തരവിൻ പ്രകാരം

**സുധീന്ദ്രൻ. എം**
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, മലപ്പുറം

വിതരണാനുമതി നൽകുന്നത്

സെക്ഷൻ ഓഫീസർ